"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ജവിവ - കേരള വാട്ടർ അതോറിറ്റി- വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനുള്ള സമയ പരിധി കുറയ്ക്കുന്നതിനും ഫൈൻ വർദ്ധിപ്പിക്കുന്നതിനും അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജലവിഭവ (ജലവിതരണ - ബി) വകുപ്പ്

സ.ഉ.(കൈ) നം.56/2022/WRD തീയതി,തിരുവനന്തപുരം, 11-10-2022

പരാമർശം:-

1. കേരള വാട്ടർ അതോറിറ്റിയുടെ 12/05/2022 ലെ 425-)മത് യോഗ നടപടി തീരുമാനം
2. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 21.06.2022 തീയതിയിലെ 14031/SSI(RMC)/2021/KWA നമ്പർ കത്ത്.

**ഉത്തരവ്**

കേരള വാട്ടർ അതോറിറ്റിയിലെ വെള്ളത്തിന്റെ കുടിശ്ശിക തുക എത്ര ആയാലും ഗാർഹിക കണക്ഷനുകൾക്ക് പ്രതിമാസം 5 രൂപ മാത്രമാണ് ഫൈനായി ഈടാക്കി വരുന്നത്. ഉപഭോക്താക്കളുടെ വാട്ടർ ചാർജ് അടയ്ക്കാനുള്ള സമയപരിധി നിലവിൽ ഫൈൻ ഇല്ലാതെ 30 ദിവസവും ഫൈനോടുകൂടി 15 ദിവസവുമാണെന്നും 15 ദിവസം കൂടി കഴിയുമ്പോൾ (60 ദിവസം) ദ്വൈമാസ പ്രകാരമുള്ള റീഡിങ് വീണ്ടും എടുക്കുന്നത് മൂലം വാട്ടർ ചാർജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷനുകൾക്ക് 45 ദിവസത്തെ സമയം കൂടി നീട്ടി ലഭിക്കുകയും ഇത്തരം കണക്ഷനുകൾ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്നും പരാമർശം 2 മുഖേന കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിക്കുകയുണ്ടായി. 30 വർഷങ്ങൾക്ക് മുൻപ് നടപ്പിൽ വരുത്തിയ ഈ സമ്പ്രദായം പരിഷ്കരിക്കേണ്ടതാണെന്ന് പരാമർശം 1 മുഖേന കേരള വാട്ടർ അതോറിറ്റി ബോർഡ് തീരുമാനിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചശേഷം Kerala Water Authority (Water Supply) Regulation 1991 14(b) ചുവടെ ചേർക്കുന്ന പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. ഗാർഹിക ഉപഭോക്താക്കൾക്ക് ബിൽ തീയതി മുതൽ 15 ദിവസം വരെ പിഴ ഇല്ലാതെയും അതു കഴിഞ്ഞുള്ള 15 ദിവസത്തിനുള്ളിൽ അടയ്ക്കുകയാണെങ്കിൽ 12% പ്രതിവർഷ പലിശയും ഈടാക്കുന്നതാണ്. പിഴയോടുകൂടി 15 ദിവസത്തിനകം അടച്ചില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കുന്നതാണ്. 30 ദിവസം കഴിഞ്ഞാൽ 18% പ്രതിവർഷ പലിശ ഈടാക്കുന്നതാണ്. ഇപ്രകാരം ഈടാക്കുന്ന പലിശ നിലവിലെ ഫൈൻ ആയ പ്രതിമാസം 5 രൂപയിൽ കുറയരുത്.
2. ഗാർഹികേതര കണക്ഷനുകൾക്ക് ബിൽ തീയതി മുതൽ 15 ദിവസം വരെ പിഴയില്ലാതെയും അതു കഴിഞ്ഞുള്ള 15 ദിവസത്തിനുള്ളിൽ അടയ്ക്കുകയാണെങ്കിൽ 12 % പ്രതിവർഷ പലിശയും ഈടാക്കുന്നതാണ്. പിഴയോടുകൂടി 15 ദിവസത്തിനകം അടച്ചില്ലെങ്കിൽ കണക്ഷൻ വിച്ഛേദിക്കുന്നതാണ്. 30 ദിവസം കഴിഞ്ഞാൽ 24% പ്രതിവർഷ പലിശ ഈടാക്കുന്നതുമാണ്.

3. ഇതു സംബന്ധിച്ച് പ്രധാന പത്രങ്ങളിൽ വാർത്താ കുറിപ്പുകൾ നൽകേണ്ടതും കേരള വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി സന്തോഷ്
അഡിഷണൽ സെക്രട്ടറി

To

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ്), കേരള

ധനകാര്യ വകുപ്പ്

ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ